# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:- ***F-968/2023/KSBSG*** തീയതി: **27-03-2023**

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാർ/ഡി.ഒ.സി. മാർ**

സർ/മാഡം,

*വിഷയം:- കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ഓൺലൈൻ കാർണിവൽ 2023 - സംബന്ധിച്ച്*

പ്രിയപ്പെട്ടവരെ.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സംസ്ഥാന കാര്യാലയം ഈ അവധിക്കാലത്ത് (ഏപ്രിൽ ഒന്നു മുതൽ മെയ് 15 വരെ) കുട്ടികൾക്കായി വിവിധ ടാസ്കുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓൺലൈൻ കാർണിവെൽ നടത്തുന്നു. ചിത്രരചന, പാചക പഠനം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ലേൺ എ ന്യൂ ലാംഗ്വേജ്, ഡാൻസ്, ഗാനാലാപനം, മാജിക് ഷോ, എന്നിങ്ങനെ വിവിധതരം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. ഒരു മത്സരം എന്നതിന് ഉപരിയായി അവധിക്കാലത്തെ ഫലപ്രദമായി ഉപയോഗിക്കുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്. സ്കൗട്ട് ഗൈഡ് പ്രസ്ഥാനത്തിൽ അംഗങ്ങളായ ആറു മുതൽ 13 വയസ്സ് വരെയുള്ള (oyms id ഉള്ള) കബ്ബ്/ബുൾബുൾ, സ്കൗട്ട്/ഗൈഡ് കുട്ടികൾക്കാണ് ഈ കാർണിവെല്ലിൽ പങ്കെടുക്കാൻ സാധിക്കുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കാർണിവെല്ലിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ അവരുടെ ടാസ്കുകളുടെ വീഡിയോകളും ഫോട്ടോകളും സ്വയം അപ്ലോഡ് ചെയ്യേണ്ടതാണ്.

കാർണിവെല്ലിൽ പങ്കെടുക്കുന്ന ആളുടെ പേര്, OYMS ID, പങ്കെടുക്കുന്ന ഇനം, യൂണിറ്റിന്റെ പേര്, ജില്ല എന്നിവ നിങ്ങൾ തയ്യാറാക്കുന്ന പോസ്റ്റിനു മുകളിൽ രേഖപ്പെടുത്തിയിരിക്കണം. ഓരോ ടാസ്കിനെ സംബന്ധിച്ച വിശദമായ വിവരം ടാസ്ക് ആരംഭിക്കുന്നതിന് 24 മണിക്കൂറുകൾക്ക് മുമ്പ് സംസ്ഥാന കാര്യാലയത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്യുന്നതാണ്.

കാർണിവെല്ലിനായി തയ്യാറാക്കിയിട്ടുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിന്റെ ലിങ്ക് ഇതിനോടൊപ്പം ചേർക്കുന്നു. ഈ ഗ്രൂപ്പ് ലൈക് ചെയ്തു കൊണ്ട് നിങ്ങൾക്ക് കാർണിവെല്ലിന്റെ ഭാഗമാകാവുന്നതാണ്.

https://www.facebook.com/groups/1566517190499218/?ref=share_group_link

**KSBSG ഓൺലൈൻ കാർണിവൽ**

കാർണിവല്ലിന് അനുയോജ്യമായ പേര് നിർദ്ദേശിക്കുവാൻ കുട്ടികൾക്ക് അവസരമുണ്ട്. മാർച്ച് 31 ന് മുൻപായി ഔദ്യോഗിക പേജിൽ കാർണിവെല്ലിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ള പോസ്റ്റിനു താഴെ കമന്റ് ആയി രേഖപ്പെടുത്താവുന്നതാണ്.

**ടാസ്ക് 1**

**നേർവര :-** ഇതൊരു ചിത്രരചനാ ക്യാമ്പയിനാണ്....

* സുന്ദരമായ പ്രകൃതി..
* സ്കൗട്ടിങ് ഫോർ ബോയ്സിലെ കഥാപാത്രങ്ങൾ. (കുട്ടികളുടെ ഭാവനയിൽ) (ബിപി വരച്ച ചിത്രങ്ങൾ വീണ്ടും വരയ്ക്കുന്നത് ക്യാമ്പിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതല്ല)
* താരാ സ്റ്റോറി- ജംഗിൾ ബുക്ക് ഇവയിൽ നിങ്ങളെ ആകർഷിച്ച കഥാരംഗം വരയ്ക്കുക.

എന്നീ വിഷയങ്ങളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടവർ തിരഞ്ഞെടുത്തു പെൻസിൽ ഉപയോഗിച്ച് എ ഫോർ സൈസ് പേപ്പറിൽ വരയ്ക്കുന്ന ചിത്രങ്ങളുടെ 3 മിനിട്ട് വീഡിയോ ആണ് ഗ്രൂപ്പിൽ അപ്ലോഡ്

ചെയ്യേണ്ടത്. ഫോട്ടോകൾ ചേർത്ത് വീഡിയോ രൂപത്തിൽ എഡിറ്റ് ചെയ്തു അപ്‌ലോഡ് ചെയ്യാവുന്നതാണ്.

Face book ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നതിന് മുമ്പായി ക്യാമ്പയിനിൽ പങ്കെടുക്കുന്ന ആളുടെ പേര്, OYMS ID, യൂണിറ്റിന്റെ പേര്, ജില്ല, വരച്ച ചിത്രത്തിന്റെ ആശയം എന്നിവ വിവരണമായി നൽകേണ്ടതാണ്.

**ടാസ്ക് 2**

***അമ്മയ്ക്കൊപ്പം അടുക്കളയിൽ***

പാചക പഠനവുമായി ബന്ധപ്പെട്ട്, വീട്ടിലെ അടുക്കളയിൽ അമ്മയെയും മറ്റും സഹായിച്ചു കൊണ്ട് ഒരു നേരത്തെ ഭക്ഷണം സ്വയം ഉണ്ടാക്കുവാൻ പ്രാപ്തി നേടുകയും. ഏഴു ദിവസത്തിനു ശേഷം നിങ്ങൾ ചെയ്യുന്ന പാചകം ഫേസ്ബുക്കിലൂടെ ലൈവ് ആയി ചിത്രീകരിക്കുകയും ചെയ്യുന്ന രീതിയാണ് പാചക പഠനം.

**ടാസ്ക് 3**

***കരവിരുത്***

ഈ ടാസ്കിൽ വിദ്യാർത്ഥികൾ തങ്ങൾക്കറിയാവുന്ന ഏറ്റവും മനോഹരമായ കരകൗശല വസ്തു നിർമ്മിച്ച അത് നിർമ്മിക്കുന്ന വിധം മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുന്ന രീതിയിൽ ഒരു വീഡിയോ തയ്യാറാക്കി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുക. വിവരണ വീഡിയോയ്ക്ക് മൂന്നു മിനിറ്റിൽ കൂടുതൽ സമയം പാടില്ല. നിങ്ങളുടെ വീഡിയോ കാർണിവെൽ നിലവാരത്തിലേക്ക് എത്തിയിട്ടുണ്ട് എങ്കിൽ വിശദമായ വീഡിയോ ആവശ്യപ്പെടുന്നതായിരിക്കും.

***ക്യാമ്പയിൻ നടത്തിപ്പ്***

ഏപ്രിൽ ഒന്നു മുതൽ മെയ് 15 വരെ നീണ്ടുനിൽക്കുന്ന ഓൺലൈൻ കാർണിവെൽ എന്ന നിലയിൽ വിവിധ ഘട്ടങ്ങളിലായാണ് പരിപാടി നടത്തുക. ഒന്നാമത്തെ ടാസ്കിൽ 30% നിലവാരം പ്രകടിപ്പിക്കുന്നവർക്ക് മാത്രമേ രണ്ടാമത്തെ ടാസ്കിലേക്ക് അവസരം ലഭിക്കുകയുള്ളൂ. രണ്ടാമത്തെ ടെസ്റ്റിൽ 50% നിലവാരം പ്രകടിപ്പിക്കുന്നവർ മൂന്നാം ടാസ്കിലും. പിന്നീട് 55%-4, 60%-5, 70%-6 എന്നിങ്ങനെയായിരിക്കും കാർണിവൽ ടാസ്കുകളുടെ ക്രമം. കാർണിവെല്ലിൽ പങ്കെടുക്കുന്ന ആളുകൾ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് ലൈക്ക് ചെയ്തവർ ആയിരിക്കണം. കാർണിവെല്ലുമായി ബന്ധപ്പെട്ട എല്ലാ പോസ്റ്റുകളും വാളിൽ ഷെയർ ചെയ്തിരിക്കണം. കാർണിവെല്ലിൽ പങ്കെടുക്കുന്ന ആൾക്ക് സ്വന്തമായി ഫേസ്ബുക്ക് ഐഡി ഉണ്ടാവണമെന്ന് നിർബന്ധമില്ല. എന്നാൽ ഒരാൾ സ്ഥിരമായി ഒരു ഐഡിയയിൽ നിന്നും മാത്രമേ കാർണിവെല്ലിന്റെ ഭാഗമാകാൻ പാടുള്ളൂ. അറിയിപ്പുകൾ ഔദ്യോഗിക പേജിലും കാർണിവെൽ ടാസ്കുകൾ ഫേസ്ബുക്ക് ഗ്രൂപ്പിലും ആണ് പോസ്റ്റ് ചെയ്യുക. മത്സരാർത്ഥിക്ക് നേരിട്ട് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യാവുന്ന സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കാർണിവെൽ പൂർണമായും ഐടി നിയമങ്ങൾക്ക് ബാധകവും, സ്കൗട്ട് പ്രസ്ഥാനത്തിന്റെ അന്തസ്സിനും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതും ആവണം എന്ന് ഉറപ്പുവരുത്തേണ്ട ബാധ്യത എല്ലാ അംഗങ്ങൾക്കും ഉണ്ട്.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

**സംസ്ഥാന സെക്രട്ടറി**